## 15 -ാം കേരള നിയമസഭ

## 8 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 102** **01-02-2023 - ൽ മറുപടിയ്ക്ക്**

## പെരിന്തൽമണ്ണ മണ്ഡലത്തിലെ അസാധു വോട്ടുകളടങ്ങിയ ബാലറ്റുപെട്ടി കണ്ടെത്തിയ സംഭവത്തിൽ സ്വീകരിച്ച നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | 2021-ലെ നിയമസഭാ തെരഞ്ഞെടുപ്പിൽ പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ അസാധുവോട്ടുകളടങ്ങിയ കാണാതായ ബാലറ്റുപെട്ടി എവിടെവെച്ചാണ് കണ്ടു കിട്ടിയതെന്ന് വിശദമാക്കുമോ; | (എ) | മലപ്പുറം ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ ഓഫീസിൽ നിന്നും കണ്ടെത്തുകയുണ്ടായി.<br><br>ഇതുമായി ബന്ധപ്പെട്ട് പോലീസ് രജിസ്റ്റർ ചെയ്ത കേസിന്റെ വിശദമായ അന്വേഷണത്തിന് മലപ്പുറം ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇക്കാര്യത്തിൽ കൂടുതൽ അന്വേഷണം നടത്തിയാലേ നിജസ്ഥിതി വെളിവാകുകയുള്ളൂ. കേസ് അന്വേഷണാവസ്ഥയിലാണ്. |
| (ബി) | ബാലറ്റുകളടങ്ങിയ കാണാതായ പെട്ടി തന്നെയാണ് കണ്ട് കിട്ടിയതെന്ന് ഉറപ്പ് വരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ഉത്തരം (എ) യിൽ ചേർത്തിരിക്കുന്നു. |
| (സി) | ബാലറ്റുകളടങ്ങിയ കാണാതായ പെട്ടി ഏതുതരത്തിലാണ് കണ്ട് കിട്ടിയതെന്ന് വിശദമാക്കുമോ; | (സി) | ഉത്തരം (എ) യിൽ ചേർത്തിരിക്കുന്നു. |
| (ഡി) | ബാലറ്റുകളടങ്ങിയ കാണാതായ പെട്ടി വീണ്ടെടുക്കുമ്പോൾ സ്ഥാനാർത്ഥികളുടെയും രാഷ്ട്രീയ പാർട്ടികളുടെയും പ്രതിനിധികളുടെ സാന്നിധ്യമുണ്ടായിരുന്നോ; എങ്കിൽ ആരെല്ലാമായിരുന്നു എന്ന് വിശദമാക്കുമോ; | (ഡി) | സ്ഥാനാർത്ഥികളുടെയോ രാഷ്ട്രീയ പാർട്ടി പ്രതിനിധികളുടെയോ സാന്നിദ്ധ്യം ഉണ്ടായിരുന്നില്ല. |
| (ഇ) | ബാലറ്റുകളടങ്ങിയ കാണാതായ പെട്ടി കണ്ടു കിട്ടുമ്പോൾ സംഭവസ്ഥലത്ത് ഹാജരായ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ ലഭ്യമാക്കുമോ; | (ഇ) | ഇലക്ഷൻ സാമഗ്രികൾ മലപ്പുറം സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ ഓഫീസിൽ നിന്നും കണ്ടുകെട്ടുന്ന വേളയിൽ ഹാജരായിരുന്ന ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. ശ്രീമതി ശ്രീധന്യ സുരേഷ് IAS, സബ് കളക്ടർ & വരണാധികാരി , 038- പെരിന്തൽമണ്ണ നിയമസഭാ മണ്ഡലം |

| | | | |
|---|---|---|---|
| | | | 2. ശ്രീ.വേണുഗോപാലൻ എ, സ്പെഷ്യൽ തഹസിൽദാർ, ലാന്റ് അക്വിസിഷൻ (കരിപ്പൂർ എയർപോർട്ട്), മലപ്പുറം<br>3. ശ്രീ.സുരേന്ദ്രൻ കെ.പി, ജൂനിയർ സൂപ്രണ്ട് (ഇലക്ഷൻ)<br>4. ശ്രീ.അനൂപ് അച്യുതൻ, ഇലക്ഷൻ ക്ലർക്ക്<br>5. ശ്രീ.അബ്ദുൽ ഫത്താഹ്, വില്ലേജ് ഫീൽഡ് അസിസ്റ്റന്റ്, പാതായ്ക്കര വില്ലേജ്<br>6. ശ്രീ.ബഷീർ.പി, ജോയിന്റ് രജിസ്ട്രാർ സഹകരണ വകുപ്പ്, മലപ്പുറം<br>7. ജോയിന്റ് രജിസ്ട്രാർ ഓഫീസിൽ 16.01.2023-ൽ ജോലിക്ക ഹാജരായിരുന്ന മുഴുവൻ ജീവനക്കാരും<br><br>പെരിന്തൽമണ്ണ നിയമസഭ വരണാധികാരിയുടെ കാലിയായ ടങ്ക് ബോക്സ് പെരിന്തൽമണ്ണ സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) -ടെ ഓഫീസിൽ നിന്ന് വീണ്ടെടുക്കുമ്പോൾ ഹാജരായിരുന്ന ജീവനക്കാരുടെ പേര് വിവരം ചുവടെ ചേർക്കുന്നു.<br><br>1. ശ്രീമതി ശ്രീധന്യ സുരേഷ് IAS, സബ് കളക്ടർ & വരണാധികാരി , 038- പെരിന്തൽമണ്ണ നിയമസഭാ മണ്ഡലം<br>2. ശ്രീ.രാജഗോപാലൻ പി, സീനിയർ സൂപ്രണ്ട്, സബ് കളക്ടർ ഓഫീസ് പെരിന്തൽമണ്ണ<br>3. ശ്രീ.ഹംസ പി, ജൂനിയർ സൂപ്രണ്ട് സബ് കളക്ടർ ഓഫീസ് പെരിന്തൽമണ്ണ<br>4. ശ്രീ.സുരേന്ദ്രൻകെ.പി, ജൂനിയർ സൂപ്രണ്ട്, സബ് കളക്ടർ ഓഫീസ് പെരിന്തൽമണ്ണ<br>5. ശ്രീ.ഷംസുദ്ദീൻ പി, അസിസ്റ്റന്റ് രജിസ്ട്രാർ<br>6. ശ്രീ.ഷാജഹാൻ കെ, ജൂനിയർ കോപ്പറേറ്റീവ് ഇൻസ്പെക്ടർ<br>7. 18.01.2023-ൽ അസിസ്റ്റന്റ് രജിസ്ട്രാർ ഓഫീസിൽ ജോലിക്ക് ഹാജരായ മുഴുവൻ ജീവനക്കാരും |
| (എഫ്) | ബാലറ്റുകളടങ്ങിയ കാണാതായ പെട്ടി കണ്ടു കിട്ടുമ്പോൾ പ്രസ്തുത പെട്ടിയിൽ എന്തെല്ലാം | (എഫ്) | ഇക്കാര്യത്തിൽ കൂടുതൽ അന്വേഷണം നടത്തിയാലേ നിജസ്ഥിതി വെളിവാകുകയുള്ളൂ. കേസ് |

| | | | |
|---|---|---|---|
| | രേഖകളാണ് ഉണ്ടായിരുന്നതെന്നും എന്തെല്ലാം രേഖകളാണ് നഷ്ടപ്പെട്ടതെന്നും വിശദമാക്കുമോ? | | അന്വേഷണാവസ്ഥയിലാണ്. |

സെക്ഷൻ ഓഫീസർ